(ഡി) തടി വിൽപന നടത്തുന്നതിനായി സ്വകാര്യകമ്പനികളെ നിശ്ചയിച്ചിട്ടില്ല. ഭാരത സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd. എന്ന പൊതുമേഖലാ സ്ഥാപനം ഇ-ലേലംവഴിയാണ് തടി വിൽപന നടത്തുന്നത്. 18-3-2014-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ.ടി) 132/2014/വനം പ്രകാരമാണ് M/s MSTC Ltd എന്ന കമ്പനിയുമായി ഉടമ്പടി ഒപ്പ് വച്ചിട്ടുള്ളത്. ടി ഉടമ്പടി 30-9-2014 മുതൽ പ്രാബല്യത്തിൽ വന്നതും പ്രസ്തുത ഉടമ്പടിക്ക് 6 മാസത്തെ കാലാവധി ഉണ്ടായിരിക്കുന്നതുമാണ്. M/s MSTC Ltd. നൽകുന്ന സേവനത്തിന് തടിവിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 0.8% (നിയമാനുസരണമുള്ള നികുതികൾക്കു പുറമെ) ആണ് സർവ്വീസ് ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്.

(ഇ) കഴിഞ്ഞ ഒരു മാസത്തിനകം നടത്തിയ ഇ-ലേലത്തിൽ ചില സ്ഥലങ്ങളിൽ സാധാരണ ലേലത്തിനെക്കാൾ 20-30% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുതിയ സംവിധാനം, മത്സര ബുദ്ധിയോടെയുള്ള ലേലം ഉറപ്പാക്കുന്നതിനാൽ വിലയിൽ ഭാവിയിൽ 20%-ത്തോളം വർദ്ധനവും തൻമൂലം സർക്കാരിന് വർദ്ധിച്ച വരുമാനവും ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഇ-ഓക്ഷൻ വഴി നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനും വേഗമാർന്ന നടപടികളിലൂടെ ലേലം നടപ്പിലാക്കുന്നതിനും സാധിക്കുന്നു. സുതാര്യതയും, വിശ്വാസ്യതയും ഓൺലൈൻ രീതിയിലൂടെ ഉറപ്പുവരുത്തുന്നു.

ശ്രീ. കെ. ബാബു രാജൻ പിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരണം

272 (3906) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനംവകുപ്പിൽ തസ്തികമാറ്റം നടത്തി ഡെപ്യൂട്ടി റെയ്ഞ്ചറായ ശ്രീ. കെ. ബാബു രാജൻപിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടംവരെ എത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. കെ. ബാബു രാജൻ പിള്ളയുടെ സ്ഥാനം, വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 1-3-2011 തീയതി കണക്കാക്കി പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 7 (എ) ആയി

LIBRARY ARCHIVES Kerala Legislative Assembly

പുനഃക്രമീകരിച്ചുകൊണ്ട് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19-9-2014-ലെ ഇ4-16619/11 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിയമതടസ്സം

273 (3907) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈവശ കർഷകർ പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ; മുറിയ്ക്കാൻ പാടില്ലാത്ത മരങ്ങളുടെ പേരു വിവരം വ്യക്തമാക്കാമോ ; ഇത്തരത്തിലുള്ള മരങ്ങൾ മുറിച്ചാൽ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിഭൂമിയുടെ തറവിലയും തടിവിലയും കെട്ടിവച്ച് പട്ടയം നേടിയ കർഷകർക്കും തടി മുറിയ്ക്കാൻ തടസ്സമുണ്ടോ ;

(സി) പട്ടയ ഭൂമിയിൽനിന്നും മരം മുറിച്ച എത്ര കർഷകർക്കെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരിൽനിന്നും എന്തെങ്കിലും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 1970-ലെ Arable Forest Land Assignment Rules പ്രകാരവും 1993-ലെ Kerala Land Assignment (Regulation of Occupation of Forest Land, Prior to 1-1-1977) Special Rules പ്രകാരവുമുള്ള ഫോം നമ്പർ 6-ലെ പട്ടയ വ്യവസ്ഥ 1 പ്രകാരം പട്ടയം നൽകുമ്പോൾ നിലവിലുള്ള മരങ്ങളും പിന്നീടുവരുന്ന എല്ലാ മരങ്ങളും സർക്കാരിന് അവകാശപ്പെട്ടതാണ്. ആയതിനാൽ ഇപ്രകാരമുള്ള പട്ടാദാർക്ക് സർക്കാരിൽ പണം അടയ്ക്കാതെ ഒരു മരവും മുറിയ്ക്കാൻ അനുവാദമില്ല. തേക്ക്, ഈട്ടി, കരിമരം, ചന്ദനം എന്നീ മരങ്ങൾ വില കൊടുത്താലും പട്ടാദാർക്ക് ലഭിക്കുന്നതല്ല.

(ബി) പട്ടയത്തിൽ സർക്കാരിലേക്ക് റിസർവ് ചെയ്ത മരങ്ങളും, തനിയെ വളർന്നു വരുന്നവയും മുറിയ്ക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(സി) വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly